**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2402** **12-12-2022 - ൽ മറുപടിയ്ക്ക്**

**ക്രമക്കേടുകൾ കണ്ടെത്താൻ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അരിയുടെയും വിവിധ പലവ്യഞ്ജനങ്ങളുടെയും ബിസ്കറ്റ് ഉൾപ്പെടെ ഉള്ള സാധനങ്ങളുടെയും വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു പരിഹരിക്കാനും വിപണി ഇടപെടലിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ബിസ്കറ്റും സോപ്പും പോലെ ഉള്ള സാധനങ്ങളുടെ വില കൂട്ടുകയും അളവ് കുറയ്ക്കുകയും ചെയ്യതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പരിശോധനകൾ നടത്തിയതിൽ ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിച്ചത് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എതിരെയാണ്; എത്ര സ്ഥാപനങ്ങൾക്ക് എതിരെയാണ് ജില്ലാതല അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളത്; | (എ) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ സംസ്ഥാനത്ത് അരിയുടെയും വിവിധ പലവ്യഞ്ജനങ്ങളുടെയും വില വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിസ്കറ്റ്, സോപ്പ് എന്നിവയുടെ വില കൂട്ടുകയും അളവ് കുറയ്ക്കുകയും ചെയ്യതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എന്നിരുന്നാലും, സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി |

നിരക്കിൽ വിതരണം ചെയ്യതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി

'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ഒരാഴ്ചകൊണ്ട് **1.31** ലക്ഷം കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽ മൂലം അരിയുടെയും മറ്റും വിലർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

കോവിഡ് 19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്തംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11

കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും, ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27/08/2022 മുതൽ 07/09/2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.

റേഷൻകടകൾ വഴി 'പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി' പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം

| | | | |
|---|---|---|---|
| | | | ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ച ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ച നിർത്താനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് പൊതുവിതരണ-ലീഗൽ മെട്രോളജി-റവന്യൂ എന്നീ വകുപ്പുകളുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 3222 പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വില പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. നടത്തിയ പരിശോധകളുടെ എണ്ണം, സ്വീകരിച്ച നടപടികളുടെ എണ്ണം എന്നിവ **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | അരിയുടെയും മറ്റ് അഞ്ച് സാധനങ്ങളുടെയും വില നിയന്ത്രിക്കാൻ ആന്ധ്ര സർക്കാരുമായി നേരിട്ട് ധാരണാപത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ നടപടികൾ ഏതുവരെയായി; ആന്ധ്ര ഭക്ഷ്യ മന്ത്രി കേരളത്തിൽ എത്തി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ കാര്യങ്ങളാണ് തീരുമാനത്തിൽ എത്തിയത്; ആന്ധ്രയിൽ നിന്ന് ജയ അരി ലഭിക്കാൻ സാധ്യതയില്ലെന്നും അതിന്റെ കൃഷി വീണ്ടും ആരംഭിക്കേണ്ടിവരുമെന്നും ആന്ധ്ര ഭക്ഷ്യമന്ത്രി കേരളത്തെ അറിയിച്ചിട്ടുണ്ടോ; ജയ അരിക്ക് പകരം സുരേഖ അരി സപ്ലൈകോ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അരിയുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനത്തിൽ നിന്ന് വിവിധ ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് കേരളം-ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ ഭക്ഷ്യമന്ത്രിമാർ ചർച്ച നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയും ആന്ധ്രാ സിവിൽ സപ്ലൈസ് കോർപ്പറേഷനും നേരിട്ട് വാങ്ങാവുന്ന ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ, ഓരോ ഉൽപ്പന്നങ്ങളുടെയും വില, ഗുണനിലവാര പരിശോധന നടപടികൾ, മറ്റ് നിബന്ധനകൾ (മുൻകൂറായി പണം നൽകൽ തുടങ്ങിയവ) ഗതാഗത സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. ജയ അരിക്ക് പകരം സുരേഖ അരി സപ്ലൈകോ വഴി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടില്ല. |
| (സി) | സപ്ലൈകോ വഴി നിലവിൽ ജയ, സുരേഖ ഇനങ്ങളിലെ അരി വിതരണം ചെയ്യാൻ ആർക്കാണ് കരാർ നൽകിയിരിക്കുന്നത്; ഇവർ എത്ര രൂപയ്ക്കാണ് അരി വിതരണം ചെയ്യുന്നതെന്നും ഇതേ അരിക്ക് ആന്ധ്രയിലെ വില എത്രയാണെന്നും ആന്ധ്രയിലെ അരി നേരിട്ട് കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യാനുള്ള കരാർ നടപ്പാകുമ്പോൾ എത്ര രൂപ ലാഭം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | സപ്ലൈകോ വഴി 2022 ഡിസംബർ മാസത്തേയ്ക്ക് സുരേഖ, ജയ അരികൾ വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന ശരാശരി നിരക്കിൽ (ക്വിന്റൽ) വിതരണക്കാർ തയ്യാറായിട്ടുണ്ട് .<br><br><u>ജയ അരി</u><br><br>1. മരിയൻ സ്പൈസ് - 3564.5<br><br>2. ശ്രീനാഥ് ട്രേഡേഴ്സ് - 3445 |

| | | | |
|---|---|---|---|
| | | | 3. ഹഫ്ഫർ ട്രേഡിംഗ് - 3423.17<br><br>4. കാർത്തിക ട്രേഡിംഗ് കമ്പനി - 3410.63<br><br>5. ഗ്ലോബൽ ട്രേഡ് ലിങ്ക്സ് - 3571.06<br><br>6. അൽ അമീൻ ട്രേഡേഴ്സ് - 3400.76<br><br><u>സുരേഖ അരി</u><br><br>1. ഭാരത് ട്രേഡേഴ്സ് - 3762.98<br><br>2. കീർത്തി ആഗ്രോ മിൽസ് പ്രൈവറ്റ് ലിമിറ്റഡ് - 3779<br><br>3. ശ്രീനാഥ് ട്രേഡേഴ്സ് - 3735<br><br>ആന്ധ്രയിൽ നിന്നും നേരിട്ട് അരി വിതരണം ചെയ്യുന്നതിനുള്ള നടപടികളുടെ ചർച്ചകൾ നടന്നു വരുന്നു. |
| (ഡി) | വിലക്കയറ്റം പിടിച്ചുനിർത്താനുള്ള വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ വിൽപനശാലകൾ വഴി അരി ഉൾപ്പെടെ എന്തെല്ലാം ഉല്പന്നങ്ങളാണ് സബ്സിഡി ഇനത്തിൽ നൽകി വരുന്നത്; ഇവയുടെ നിലവിലെ വില എത്രയാണെന്നും സബ്സിഡി ഇനങ്ങൾ വാങ്ങാൻ റേഷൻ കാർഡ് ആവശ്യമാണോയെന്നും എത്ര റേഷൻ കാർഡ് ഉടമകൾ ഈ സാമ്പത്തിക വർഷം ഇങ്ങനെ സബ്സിഡി ഉൽപന്നങ്ങൾ വാങ്ങി എന്നും വ്യക്തമാക്കുമോ; ഇതിന്റെ ജില്ലാതല കണക്ക് ശേഖരിക്കാറുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | വിലക്കയറ്റം പിടിച്ചുനിർത്താനുള്ള വിപണി ഇടപെടലിൻറെ ഭാഗമായി സപ്ലൈകോ വിൽപനശാലകൾ വഴി 13 ഇനം അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്. അരിയുൾപ്പെടെയുള്ള 13 ഇനം അവശ്യവസ്തുക്കളുടെ സബ്സിഡി വിൽപ്പന വിലകൾ **അനുബന്ധം II** ആയി ചേർക്കുന്നു. ഈ സബ്സിഡി ഇനങ്ങൾ വാങ്ങുന്നതിന് റേഷൻ കാർഡ് ആവശ്യമാണ്.<br><br>റേഷൻ കാർഡ് ഉടമകൾ ഈ സാമ്പത്തിക വർഷം സബ്സിഡി ഉൽപന്നങ്ങൾ വാങ്ങിയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകകൾ **അനുബന്ധം III** ആയി ചേർക്കുന്നു. |
| (ഇ) | സപ്ലൈകോ വഴി സബ്സിഡിയായി സാധനങ്ങൾ വാങ്ങാൻ ജീവനക്കാർ മറ്റാരുടെയെങ്കിലും റേഷൻ കാർഡ് ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സപ്ലൈകോ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| District | Action taken against the shop (not displaying pricelist) | Number of inspection done under the supervision of District collector |
|---|---|---|
| Thiruvananthapuram | 149 | 106 |
| Kollam | 15 | 2 |
| Pathanamthitta | 0 | 381 |
| Alappuzha | 32 | 258 |
| Kottayam | 49 | 260 |
| Idukki | 1 | 410 |
| Ernakulam | 15 | 9 |
| Thrissur | 104 | 537 |
| Palakkad | 63 | 110 |
| Malappuram | 44 | 277 |
| Kozhikkod | 51 | 382 |
| Wayanad | 76 | 215 |
| Kannur | 4 | 199 |
| Kasargod | 16 | 76 |
| Total | 619 | 3222 |

**<u>അനുബന്ധം II</u>**

| ക്രമ നം. | ഇനം | നിലവിലെ സബ് സിഡി വില (രൂപ കി.ഗ്രാമിന്) | ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകുന്ന അളവ് |
|---|---|---|---|
| 1 | ചെറുപയർ | 74.00 | 1 Kg |
| 2 | ഉഴുന്ന് ബോൾ | 66.00 | 1 Kg |
| 3 | വൻകടല | 43.00 | 1 Kg |
| 4 | വൻപയർ | 45.00 | 1 Kg |
| 5 | തുവര പരിപ്പ് | 65.00 | 1 Kg |
| 6 | മുളക് | 75.00 | ½ Kg |
| 7 | മല്ലി | 79.00 | ½ Kg |
| 8 | പഞ്ചസാര | 22.00 | 1 Kg |
| 9 | വെളിച്ചെണ്ണ ½ ലിറ്റർ | 46.00 | ½ Litre |
| 10 | ജയ അരി | 25.00 | എല്ലാ ഇനങ്ങളും ഉൾപ്പെടെ 10 Kg |
| 11 | കുറുവ അരി | 25.00 | |
| 12 | മട്ട അരി | 24.00 | |
| 13 | പച്ചരി | 23.00 | |

# അനുബന്ധം iii

| Number of Ration Cards Availed Subsidy During FY 2022-2023 (Upto November-2022) | |
|---|---|
| **District** | **Number of Ration Cards Availed Subsidy** |
| Alappuzha | 432445 |
| Ernakulam | 634071 |
| Idukki | 199499 |
| Kannur | 544137 |
| Kasaragod | 200148 |
| Kollam | 622535 |
| Kottayam | 407743 |
| Kozhikode | 560694 |
| Malappuram | 625046 |
| Palakkad | 497893 |
| Pathanamthitta | 265754 |
| Thiruvananthapuram | 687082 |
| Thrissur | 554507 |
| Wayanadu | 173270 |
| **Total** | **6404824** |